**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം** 695033
E-mail:vig.vacb@kerala.gov.in
**ഫോൺ നം.** 0471-2305393
**തീയതി.** 07.07.2023

**"വിരമിച്ച വില്ലേജ് ഓഫീസറിൽ നിന്നും കൈക്കൂലി വാങ്ങവേ വില്ലേജ് ഫീൽഡ് അസിസ്റ്റൻറ് വിജിലൻസ് പിടിയിലായി"**

തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ വില്ലേജ് ഫീൽഡ് അസിസ്റ്റൻറ് ഉ മാനുജൻ 1000/- രൂപ കൈക്കൂലി വാങ്ങിയതിന് ഇന്ന് തിരുവനന്തപുരം വിജിലൻസ് യൂണിറ്റിന്െറ പിടിയിലായി.

വലിയതുറ സ്വദേശിയും മുൻ വില്ലേജ് ഓഫീസറുമായ പരാതിക്കാരന് കാനറാ ബാങ്കിൽ വായ്പ എടുക്കുന്നതിലേക്കായി ലൊക്കേഷൻ സർട്ടിഫിക്കറ്റ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, തണ്ടപ്പേര് എന്നിവ ലഭിക്കുന്നതിനായി കഴിഞ്ഞ മെയ് മാസം മുട്ടത്തറ വില്ലേജ് ഓഫീസിൽ അപേക്ഷ നൽകിയിരുന്നു,. പല പ്രാവശ്യം വില്ലേജ് ഓഫീസിൽ7 അന്വേഷിച്ചു ചെന്നിട്ടും കൈക്കൂലി നൽകാത്തതിനാൽ പരാതിക്കാരനെ സർട്ടിഫിക്കറ്റ് നൽകുകയുണ്ടായില്ല തുടർന്ന് ഇന്നലെ വില്ലേജ് ഓഫീസിൽ ചെന്ന പരാതിക്കാരനോട് വില്ലേജ് ഫീൽഡ് അസിസ്റ്റൻറായ ഉമാനുജൻ 1000/- രൂപ കൈക്കൂലി നൽകാമെങ്കിൽ ഇന്ന് സ്ഥല പരിശോധനയ്ക്ക് ചെല്ലാമെന്ന് പറയുകയുണ്ടായി. പരാതിക്കാരൻ ഈ വിവരം വിജിലൻസ് തിരുവനന്തപുരംയൂണിറ്റ് ഡി വൈ എസ് പി ശ്രീ വിനോദ് കുമാറിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സംഘം കെണി ഒരുക്കി ഇന്ന് വൈകുന്നേരം 06:30 മണിയോടെ പരാതിക്കാരൻറെ വീട്ടിൽ വച്ച് 1000/- രൂപ കൈക്കൂലി വാങ്ങവേ വിജിലൻസ് സംഘം കയ്യോടെ പിടികൂടുകയാണ് ഉണ്ടായത്. പിടികൂടിയ പ്രതിയെ തിരുവനന്തപുരം വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും

വിജിലൻസ് സംഘത്തിൽ ഡി വൈ എസ്പി ശ്രീ വിനോദ് കുമാറിനെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ അനിൽകുമാർ സനിൽ കുമാർ ഗ്രേഡ് സബ് ഇൻസ്പെക്ടർമാരായ സഞ്ജയ്, അജിത്, എ എസ് ഐ മാരായ അനിൽ കുമാർ എസ് സി പി ഓ മാരായ

ഹാഷിം, അനീഷ്, അരുൺ സി പി ഓ മാരായ അനൂപ് പ്രമോദ് എന്നിവരടങ്ങിയ വിജിലൻസ്_സംഘമാണ് പ്രതിയെ പിടികൂടിയത്.

.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.